# വിദ്യാരംഗം കലാസാഹിത്യവേദി

വിദ്യാർത്ഥികളുടെ സർഗ്ഗ ശക്തിയെ ഊട്ടിവളർത്തുന്നതിനും വ്യക്തിത്വ വികസനത്തിനുമായി എല്ലാ വെള്ളിയാഴ്ച്ചകളിലും വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തിക്കുന്നു. ഈ കലാ സാഹിത്യ ക്ലബ്ബിലൂടെ തങ്ങളുടെ കഴിവുകൾ അവതരിപ്പിച്ച് ആത്മവിശ്വാസത്തോടെ പൊതുവേദിയിലേയ്ക്ക് കടന്നുവരാൻ കുട്ടികൾക്കു കഴിയുന്നു.

ജൂൺ 8-ാം തിയതി സാഹിത്യ വേദി അനൗദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. ജൂൺ 19 ന് വായനാവാരം തുടക്കമായി. വായനയുടെ പ്രാധാന്യത്തെക്കുറിച്ച് അസംബ്ലിയിൽ സന്ദേശം നൽകി. വിവിധ മത്സരങ്ങൾ നടത്തി. വിവിധ മത്സരങ്ങൾ വിവിധ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളിൽ വായനാഭിമുഖ്യം വളർത്തുന്നതിനായി വായനപ്പുരയുടെ ഉദ്ഘാടനവും അന്നേദിവസം നിർഹിച്ചു.

ജൂൺ 22 ന് വിദ്യാരംഗം കലാസാഹിത്യ-വേദി, ചിത്രകലാധ്യാപകൻ ശ്രീ.ബിനു ചിറകു വിരിച്ചു പറക്കാൻ തുടങ്ങുന്ന പക്ഷിയെ വരച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. സാഹിത്യ അധ്യാപകർ പങ്കെടുത്തു. ശ്രീമതി കുട്ടിയമ്മ ടീച്ചർ ഇ വർഷത്തെ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഔദ്യോഗിക നേതൃത്വം ഏറ്റെടുത്തു. ക്ലബ്ബിന്റെ ഭാരവാഹികളായി ആൽബിനോസ് ടോമി, മെറിൻ ബേബി,അബിൻ ബിനു എന്നിവരെ തിരഞ്ഞെടുത്തു.ഇവരുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ച്ചകളിലും കുട്ടികളുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നു. ഒക്ടോബർ 6-ാം തിയതി നടത്തിയ കലാസാഹിത്യമേളയിൽ അഭിരുചിയുള്ള

കുട്ടികൾ പങ്കെടുത്തു. ഫെബ്രുവരി 1-ാം തിയതി നടത്തിയ സ്കൂൾ ആനിവേഴ്സറി കുട്ടികളുടെ കലാവതരണത്തിന്റെ വേദിയായി മാറി.